# NSS HS CHOWALLOOR

## സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം-റിപ്പോർട്ട്

സ്വാതന്ത്ര്യത്തിന്റെ 75 വാർഷികത്തോടനുബന്ധിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് ശ്രീമതി . ബീന ടീച്ചർ സ്കൂളിൽ പതാക ഉയർത്തി. അധ്യാപകരും രക്ഷാകർത്താക്കളും പങ്കെടുത്തു. തുടർന്ന് കുട്ടികൾക്കായി ഓൺലൈൻ സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. അതിൽ നൽകിയ നിർദേശമനുസരിച്ച് ഓഗസ്റ്റ് 17 ന് വൈകുന്നേരം 6.30 ന് കുട്ടികളും രക്ഷകർത്താക്കളും അദ്ധ്യാപകരും വീടുകളിൽ അമൃതജ്യോതി തെളിയിച്ചുകൊണ്ട് 75 ആഴ്ചകൾ നീണ്ടുനിൽക്കുന്ന **അമൃതം @75** അമൃതോത്സവം പരിപാടിക്ക് തുടക്കം കുറിച്ചു. കുട്ടികൾ ദീപം തെളിയിക്കുന്ന ചിത്രങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ അയച്ചു.

കാട്ടാക്കട സബ് ജില്ലയുടെ സോഷ്യൽ സയൻസ് ഗ്രൂപ്പിന്റെ ഗൂഗിൾ മീറ്റിലൂടെ അമൃതോത്സവത്തിന്റെ ഭാഗമായി നടത്തേണ്ട പ്രാദേശിക ചരിത്രരചന യുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ കുട്ടികളിൽ എത്തിച്ചു. സെപ്റ്റംബർ 10 ന് മുൻപ് പൂർത്തിയാക്കാനും നിർദേശം നൽകി . എന്നാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ പല കുട്ടികൾക്കും കഴിഞ്ഞില്ല എന്നാൽ അവസാന തീയതി സെപ്റ്റംബർ 30 ലേക്ക് മാറ്റിയതായി അറിയിപ്പ് കിട്ടിയതിനെ തുടർന്ന് കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.

16.9. 21 ന് ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ശ്രീമതി ബീന ടീച്ചറുടെ അധ്യക്ഷതയിൽ എസ് ആർ ജി യോഗം കൂടുകയും അമൃതോത്സവം പരിപാടിയോടനു ബന്ധിച്ച് വിദ്യാലയതലസമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ചെയർമാൻ** : ശ്രീമതി ബീന എസ് നായർ (Headmistress)

**വൈസ് ചെയർമാൻ** : ശ്രീമതി.ബി.ജി കലാദേവി( Senior Teacher)

**കൺവീനർ** : ശ്രീമതി.ഐ.ആർ സിന്ധു (സോഷ്യൽ സയൻസ് സബ്ജക്ട് കൺവീനർ)

SRG **കൺവീനർ** : ശ്രീമതി . P.ബിന്ദു

**അധ്യാപക പ്രതിനിധികൾ**

ശ്രീ .എം .എസ് ഗോപകുമാരൻ നായർ

ശ്രീമതി .സന്ധ്യ റാണി

ശ്രീമതി.ഗംഗ ടി പിള്ള

ശ്രീമതി.പ്രിയ.വി.നായർ

എന്നിവർ ഉൾപ്പെട്ട വിദ്യാലയതല സമിതി രൂപീകരിച്ചു.

കുട്ടികൾ വീടുകളിൽ സുരക്ഷിതരായിരുന്ന് രക്ഷിതാക്കൾ ,ബന്ധുക്കൾ, നാട്ടുകാർ എന്നിവരിൽ നിന്നും വിവരശേഖരണം നടത്തുകയും തയ്യാറാക്കിയ രചനകൾ വാട്സാപ്പിലൂടെയും നേരിട്ടും സ്കൂളിൽ എത്തിക്കുകയും ചെയ്തു . വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ താമസിക്കുന്ന കുട്ടികൾ കണ്ടെത്തിയ വിവരങ്ങൾ വിദ്യാലയ തല സമിതി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ ചരിത്രരേഖയും CD യും 30.9. 2021 മുൻപ് തന്നെ AEO യിൽ സമർപ്പിച്ചു.

പ്രാദേശിക ചരിത്ര രചന കൂടാതെ സ്കൂൾ തലത്തിൽ നിരവധി പ്രവർത്തനങ്ങൾ ഓൺലൈനായി നടത്തി. ദേശീയ ഗാനാലാപനം ,ചിത്രരചന , ഉപന്യാസരചന, സ്വാതന്ത്ര്യ ദിന ക്വിസ് ,പതാക നിർമ്മാണം,ട്രൈകളർ ബാഡ്ജ് നിർമ്മാണം തുടങ്ങിയ ആർട്ട് വർക്കുകൾ , പ്രച്ഛന്നവേഷം- ദേശീയ നേതാക്കൾ, പ്രസംഗം തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

**ഇതുമായി ബന്ധപ്പെട്ട വീഡിയോകൾക്കായി ചുവടെ നൽകിയിരിക്കുന്ന നമ്പറുകളിൽ തൊടുക..**

1 2 3 4 5 6 7 8

**9 10 11 12 13 14 15 16**








NSS HS CHOWALOOR
അമൃത ദീപം